**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4031** **17-03-2025 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ, എ.എ.വൈ. കാർഡുകൾക്കായുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻഗണനാ കാർഡുകൾക്കും എ.എ.വൈ. കാർഡുകൾക്കുമായി എത്ര അപേക്ഷകൾ കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും മുൻഗണന കാർഡുകൾക്കായി 3271 അപേക്ഷകളും AAY കാർഡുകൾക്കായി 155 അപേക്ഷകളും ലഭ്യമായിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ എത്ര പേർക്ക് പുതുതായി മുൻഗണനാ കാർഡുകളും, എ.എ.വൈ. കാർഡുകളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിൽ 2608 പേർക്ക് പുതുതായി മുൻഗണനാ കാർഡുകളും 121 പേർക്ക് AAY കാർഡുകളും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ അനർഹരായ എത്ര പേരെ മുൻഗണന, എ.എ.വൈ. കാർഡുകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ അനർഹരായ 1014 പേരെ മുൻഗണനാ കാർഡുകളിൽ നിന്നും 186 പേരെ AAY കാർഡുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽനിന്നും മുൻഗണനാ എ.എ.വൈ. കാർഡുകൾക്കായി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ ആയവ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മുൻഗണ/AAY കാർഡുകൾക്കായി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും ആയവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ